# ജീവിതമെന്ന മഹാസമസ്യ

കെ.ജി. പൗലോസ്

ഭാരതീയന്റെ മനസ്സിനെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകപങ്ക് വഹിച്ച മൂന്നു പ്രാചീന ഗ്രന്ഥങ്ങളുണ്ട്-രാമായണം, ഭാരതം, ഭാഗവതം. പുതുതായി രൂപപ്പെടുന്ന സമൂഹത്തിൽ വ്യക്തികൾക്ക് പരസ്പരമുണ്ടാകേണ്ട ബന്ധങ്ങളാണ് രാമായണത്തിന്റെ വിഷയം. വ്യക്തിക്ക് സമൂഹത്തോട്, അതിന്റെ സ്ഥൂലരൂപമായ ഭരണകൂടത്തോട് ഉണ്ടാകേണ്ട ബന്ധമാണ് മഹാഭാരതം ചർച്ച ചെയ്യുന്നത്. ഇവയ്ക്കൊക്കെ അപ്പുറത്ത് വ്യക്തിയുടെ മനസ്സിനൊരു ആത്മീയതലം കണ്ടെത്തുകയാണ് ഭാഗവതം. മഹാഗ്രന്ഥങ്ങളുടെ പ്രത്യേകത, കഥകൾക്കും പാത്രങ്ങൾക്കും കാലദേശങ്ങൾക്കുമൊക്കെ അപ്പുറം മനുഷ്യമനസ്സെന്ന സമസ്യയെപ്പറ്റി നിർണ്ണായകമായ ചില ചോദ്യങ്ങൾ അവ ഉയർത്തുന്നു എന്നതാണ്. മഹാഭാരതത്തിലെ യക്ഷപ്രശ്നമെടുക്കുക. വനവാസകാലത്ത് വനത്തിലലയുകയാണ് പാണ്ഡവർ. വല്ലാത്ത ദാഹം. അല്പമകലെയുള്ള തടാകത്തിൽ ജലമെടുക്കാൻ നകുലൻ പോകുന്നു, കുറച്ചു കഴിഞ്ഞ് തിരിച്ചു വരാത്തപ്പോൾ സഹദേവൻ, അങ്ങനെ ഓരോരുത്തർ. സഹോദരൻമാർ തിരിച്ചെത്താതിരുന്നപ്പോൾ ധർമ്മപുത്രർ അന്വേഷിച്ചു ചെന്നു. തീരത്തെത്തും മുമ്പ് ഒരു ശബ്ദം മുന്നോട്ടു പോകുന്നതിൽ നിന്ന് അദ്ദേഹത്തെ വിലക്കി യക്ഷൻ: സഹോദരന്മാർ നാൽവരും മരിച്ചു കിടക്കുന്നു. എന്റെ ചോദ്യത്തുത്തരം നൽകൂ, അല്ലാതെ ഒരടി മുന്നോട്ടുവച്ചാൽ സഹോദരന്മാരുടെ ഗതി നിനക്കും വരും. ചോദ്യമിതായിരുന്നു-ഏറ്റവും വലിയ അദ്ഭുതം ഏത്? ഒന്നാലോചിച്ചശേഷം ധർമ്മപുത്രൻ പറഞ്ഞു—ദിനംതോറും മനുഷ്യരിവിടെ മരിച്ചു വീഴുന്നു. എന്നിട്ടും, അവശേഷിക്കുന്നവർ തങ്ങൾക്ക് മരണമില്ലെന്ന് നിരൂപിച്ചു മുന്നോട്ടു പോകുന്നു. ഇതിൽപ്പരം ആശ്ചര്യം വേറെന്തുണ്ട്?

അഹന്യഹനിഭൂതാനി/ഗച്ഛന്തീഹ യമാലയം
ശേഷഃ സ്ഥാവരമിച്ഛന്തി/ആശ്ചര്യം കിമതഃ പരം?

ധർമ്മപുത്രരും യക്ഷനുമൊന്നുമല്ല ഇവിടെ കാര്യം; മനുഷ്യനെ നിഴൽ പോലെ പിന്തുടരുന്ന മൃത്യാവിന്റെ ശ്യാമരൂപം, അതറിയാതെ മുന്നോട്ട് പോകുന്ന പാവം മാനവഹൃദയം, വ്യാസൻ വായനക്കാരെ ഓർമ്മിപ്പിച്ചത് ഈ ക്രൂരസത്യമാണ്. പരിഹാരം വ്യാസൻ നിർദേശിച്ചില്ല. അതാണ് ഋഷിയുടെ മഹാമൗനം.

എക്കാലത്തും മനുഷ്യൻ മനസ്സിലാക്കാൻ ശ്രമിച്ചതാണ് ഈ മൗനത്തെ. മനസ്സിലാക്കിയാലുമില്ലെങ്കിലും മനുഷ്യനുള്ള കാലത്തോളം ഈ ചോദ്യം പ്രസക്തമാണ്. അതുകൊണ്ടാണ് വാല്മീകി പ്രഖ്യാപിക്കുന്നത് പുഴകളൊഴുകുന്ന കാലത്തോളം, മലകളുള്ള കാലത്തോളം തന്റെ കാവ്യം ലോകത്ത് പ്രചരിക്കുമെന്ന്. എല്ലാക്കാലത്തിനും പ്രസക്തമായ ചോദ്യങ്ങൾ ഞാനിതിൽ നിറച്ചിരിക്കുന്നു എന്ന്. എന്താവും എക്കാലത്തും ആളുകൾ അർത്ഥമന്വേഷിക്കുന്ന ആദികവിയുടെ മഹാമൗനം?

2

ഇത്തരം മൗനങ്ങളാണ് കാവ്യത്തിന്റെ ആത്മാവ് എന്ന് വിശ്വസിച്ചിരുന്ന ഒരു മഹാമനീഷി നമുക്കുണ്ടായിരുന്നു-ധ്വനിതത്ത്വം ആവിഷ്കരിച്ച കാശ്മീരിയായ ആനന്ദവർദ്ധനാചാര്യർ (പൊ. വ. 9-ാം നൂറ്റാണ്ട്). രാമായണമാകെ കമ്പോട് കമ്പ് പരിശോധിച്ച് വാല്മീകിയുടെ മഹാമൗനത്തെ ഒരു ബീജവാക്യത്തിലൊതുക്കിയിരിക്കുന്നു ആ മഹാമാന്ത്രികൻ-കരുണമാണ് രാമായണത്തിന്റെ സത്ത; സീതയുടെ അത്യന്ത വിയോഗം വരെ കഥ നീട്ടിയ ആദികവി നമ്മെ അറിയിച്ചത് ഇക്കാര്യമാണ്.

ഒരു രോദനത്തിലാണ് ആദ്യകാവ്യം ആരംഭിക്കുന്നത്. നന്നെ പുലർച്ചെ തമസാതീരത്തു കൂടി നടക്കുകയാണ് വാല്മീകി. തൊട്ടുപിന്നാലെ സ്നാനോപകരണങ്ങളുമായി ശിഷ്യൻ ഭരദ്വാജൻ. പുലരിയുടെ കുളിർമ്മ കവിയെ ആഹ്ലാദിപ്പിച്ചു. കുറച്ചെത്തിയപ്പോൾ സജ്ജനങ്ങളുടെ മനസ്സ് പോലെ തെളിമയാർന്ന ഗംഗാജലം. കുളിക്കാനുറച്ച് തയ്യാറെടുക്കാൻ ശിഷ്യനോട് നിർദ്ദേശിച്ചു. ദൂരെ നിന്നൊരു കളകളസ്വനം. കവി ശ്രദ്ധിച്ചു. വൃക്ഷക്കൊമ്പിലതാ കൊക്കുരുമ്മിക്കളിക്കുന്ന ഇണപക്ഷികൾ. എല്ലാം മറന്ന്

കവി ആ ഇണകളെ നോക്കി നിന്നു. പെട്ടെന്നതാ ഒരമ്പേറ്റ് ആൺകിളി പിടഞ്ഞു വീഴുന്നു. ചോരയണിഞ്ഞ് പൂഴിയിലുഴലുന്ന പ്രിയനെ നോക്കി പെൺകിളി കരുണ കരുണമായി കരഞ്ഞു-

തം ശോണിതപരീതാഗം

വേഷ്ടമാനം മഹീതലേ

ഭാര്യാ തു നിഹതം ദൃഷ്ട്വാ

രുരാവ കരുണാം ഗിരം

ആ കാഴ്ച കവിയുടെ കരളലിയിച്ചു. കാരുണ്യം മനസ്സിലുണർന്നു-കാരുണ്യം സമപദ്യത. കരുണമുണർത്തിയത് കാരുണ്യത്തെ-ദൈന്യം ദയയുണർത്തുന്നു.

രാമായണത്തിൽ നാം കേൾക്കുന്ന രണ്ടാമത്തെ രോദനം സീതയുടേതാണ്. വനഭംഗികൾ ഒരിക്കൽ കൂടി ഗർഭകാലത്ത് ആസ്വദിക്കണമെന്ന തന്റെ വ്യാക്കുളിത്ര പെട്ടെന്ന് ആര്യപുത്രൻ അനുവദിച്ചതിനാലാന്ദിച്ചാണ് സീത രഥത്തിൽ കയറിയത്. രാജ്യകാര്യവ്യഗ്രതയിൽ മഹാരാജാവിന് അനുഗമിക്കാൻ കഴിയാതെ വന്നിരിക്കുന്നു എന്ന് ലക്ഷ്മണൻ അറിയിച്ചപ്പോൾ വലിയ നിരാശ തോന്നി. എങ്കിലും ഉല്ലാസത്തോടെ തേരിൽ യാത്ര തുടർന്നു. ഗംഗാതീരത്ത് രഥം നിർത്തി ലക്ഷ്മണൻ ആ ക്രൂരസത്യം വെളിപ്പെടുത്തി. ലക്ഷ്മണന്റെ തേര്, തന്നെ തനിച്ചാക്കി അകന്നു പോകുന്നത് അവൾ നോക്കി നിന്നു. കണ്ണിൽ നിന്ന് മറഞ്ഞപ്പോൾ പൊട്ടിപ്പൊട്ടിയവൾ കരഞ്ഞു. ആശ്രമപ്രാന്തങ്ങളിലലയുന്ന മുനികുമാരന്മാരാണ് ആദ്യം ആ കരച്ചിൽ കേട്ടത്. മുനിദാരകന്മാർ വാല്മീകിയെ വിവരമറിയിച്ചു. ഓടിയെത്തിയ മുനി ദൂരെ നിന്ന് ആ കരച്ചിൽ കേട്ടു-മറ്റൊരു ഇണക്കിളിയുടെ ദീനരോദനം!

മഹാപണ്ഡിതനായ ദേശമംഗലത്ത് രാമവാരിയരുടെ ഹൃദ്യമായ ഒരു വ്യാഖ്യാനമുണ്ട്, 'മാനിഷാദ' യ്ക്ക്. സീതയുടെ ഈ രോദനം കേട്ടാണത്രെ ആദികവിയിൽ കാരുണ്യമുണർന്നത്. അമ്പല്ല, അപവാദമാണിവിടെ ഇണകളെ പിരിച്ചത്. കൂട്ടിച്ചേർക്കാൻ ഒന്നേ വഴിയുള്ളൂ, സത്യം പൗരന്മാരെ അറിയിക്കുക. അതിനാണദ്ദേഹം സീതയുടെ ചാരിത്ര്യശുദ്ധി വെളിവാക്കുന്ന കഥകൾ ബാലന്മാരെക്കൊണ്ട് പൗരന്മാരുടെ മുന്നിൽ പാടിച്ചത്. അപവാദം ഇല്ലാതെയാക്കുകയായിരുന്നു മുനിയെ സംബന്ധിച്ച് കാവ്യരചനയുടെ പ്രത്യക്ഷലക്ഷ്യം. സ്ത്രീയുടെ രോദനം, കിളിയുടെയായാലും മൺമകളുടെയായാലും, ആദികവിയെ ആർദ്രനാക്കി. ആനന്ദവർദ്ധനനോട് തോളുരുമ്മി നിൽക്കുന്നു ഇക്കാര്യത്തിൽ ദേശമംഗലത്തു വാരിയർ. പരിത്യക്തയായ സീത കരച്ചിലിനിടയിൽ ആരോടെന്നില്ലാതെ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്--'കിന്നു പാപം മയാകൃതം?' 'ഞാനെന്ത് പാപം ചെയ്തു'? വാല്മീകിയെ വേട്ടയാടുന്നുണ്ട് ഈ ചോദ്യം. ആനന്ദവർദ്ധനും ദേശമംഗലവും ഈ ചോദ്യത്തിന്റെ ചൂടിൽ ഉരുകുന്നുണ്ട്.

ഇത്ര പ്രകടമല്ലെങ്കിലും ഒതുക്കിയ ഒരു തേങ്ങലുണ്ട് രാമായണത്തിൽ, സീതയുടെ. യുദ്ധാവസാനം ആര്യപുത്രനെ കാത്തിരുന്ന സീതയുടെ ഞെട്ടലാണത്. ഒരു വർഷമീ യാതനകളെല്ലാം സഹിച്ചത് ഈ നിമിഷത്തെ കാത്താണ്. ആര്യപുത്രൻ ഓടിവന്ന് തന്നെ ആലിംഗനത്തിലമർത്തി ആഹ്ലാദിക്കുമെന്ന് ഓർത്തിരിക്കുമ്പോഴാണ് ഇടിത്തീപോലെയുള്ള പ്രതികരണം. രാക്ഷസഗൃഹത്തിൽ ഒരു വർഷം കഴിഞ്ഞ തന്റെ ചാരിത്ര്യ ശുദ്ധിയിൽ ശങ്ക! അതും കഠോരവാക്കുകളിൽ, സർവ്വരുടേയും സാന്നിദ്ധ്യത്തിൽ. സീത പൊട്ടിക്കരഞ്ഞില്ല. മാൻപേടയെപ്പോലെ കണ്ണുകൾ വിടർത്തി-നിറഞ്ഞ കണ്ണുകൾ!

ഇത്യേവം വദതഃ ശ്രുത്വാ/സീതാ രാമസ്യ തദ്വചഃ

മൃഗീവോത്ഫുല്ലനയനാ/ബഭൂവാശ്രുപരിപ്ലുതഃ

കടലായി ഒഴുകാനുള്ള കണ്ണീർ നിറഞ്ഞിരുന്നു, ഒതുക്കി, ഒരു തുള്ളിപോലും ഒഴുക്കാനനുവദിക്കാതെ, കണ്ണീരിങ്ങനെ, കരയാതെ, നിറയ്ക്കാൻ സീതയ്ക്ക് മാത്രമേ കഴിയൂ.

3

സീതയെ വാല്മീകി പരിചയപ്പെടുത്തുന്നത് വിവാഹത്തോടടുത്താണ്. മലയാളിക്കു പക്ഷേ കിളിക്കൊഞ്ചലുമായി കിലുകിലെ പാറിനടക്കുന്ന കൊച്ചു സീതയെ മുതലറിയാം. ഭാവനയിലൂടെ വള്ളത്തോൾ നമുക്ക് പരിചയപ്പെടുത്തുന്ന ബാലികയുണ്ട്. ഉദ്യാനത്തിലവൾ കുട്ടികളോടൊപ്പം കളിച്ചു നടക്കുമ്പോൾ കൊമ്പിലിരുന്നൊരു കിളി രാമന്റെ കഥപാടുന്നു. കുട്ടി ശ്രദ്ധിച്ചുകേട്ടു. അപ്പോഴതാ രാമൻ സീതയെ വിവാഹം

ചെയ്യുമെന്ന് കിളി തുടരുന്നു. ആവേഗത്തോടെ അമ്മയുടെ അടുത്തേക്കവർ ഓടി. അമ്മ ചിരിച്ചു, ആശ്വസിപ്പിച്ചു-പെൺകുട്ടികൾക്ക് കല്യാണമെന്നൊന്ന് ഉണ്ട്. മോളേ. അതൊരാചാരമാണ്. വാശിയോടെ അവൾ പറഞ്ഞു: 'മറ്റാരും വേണ്ട, എന്നെ എന്നമ്മ താൻ വേട്ടാൽ മതി' കേട്ടവരെല്ലാം പൊട്ടിച്ചിരിച്ചു-കുട്ടിയോ? 'കെട്ടിപ്പിടിച്ചതു മാതൃകണ്ഠം' മലയാളിമടിയിലെടുത്തുവെച്ച് ലാളിക്കാൻ കൊതിക്കുന്ന ഓമനയാണ് സീത.

സ്വയംവരമണ്ഡപത്തിലേക്ക് കാൽവെച്ചടുക്കുന്ന വധുവിനെ ആവോളം വർണ്ണിച്ചിട്ടുണ്ട് എഴുത്തച്ഛൻ മുതലുള്ള നമ്മുടെ കവികൾ. പുനം രാമായണം ചമ്പുവിൽ ആ രംഗം വർണ്ണിക്കുന്നതെങ്ങനെ എന്ന് നോക്കുക.

മൂളീടും ഭൃംഗപാളീവിവലനമധുരാം
        മാലികാം കൈത്തലേ ചേ-
ർത്താളീ ദത്താവലംബാ നിജതനുമഹസാ
        രംഗമുദ്യോതയന്തീ
വ്രീളാവേഗേന രാമാനനമിടയിടയിൽ
        കട്ടുനോക്കി പ്രമോദ
വ്യാലോലാ മെല്ലെ മെല്ലെ ന്നരികിലുപഗതാ
        കോമളാഭ്യാം പദാഭ്യാം

വണ്ട് പാറുന്ന പുതുപൂക്കൾ ചേർത്തു കൊരുത്ത വരണമാല കൈയിലേന്തി, തോഴിയുടെ കൈപിടിച്ച്, നാണം കൊണ്ട് വരന്റെ മുഖം കട്ടുനോക്കി, മൃദുപാദങ്ങൾ മന്ദംവെച്ച് സീത അടുത്തെത്തി. 'കട്ടുനോക്കി' എന്ന പ്രയോഗത്തിന്റെ സ്വാരസ്യമോർക്കുക.

വിവാഹമണ്ഡപതിത്ലേക്ക് ഇങ്ങനെ സന്തോഷത്തോടെ കടന്നുവന്ന ആ പെൺകുട്ടിയുടെ ദാമ്പത്യത്തിന്റെ അന്ത്യമെന്തായിരുന്നു. അതും ഇതുപോലൊരു വരവായിരുന്നു, രാജസദസ്സിലേക്ക്, വാല്മീകിയുടെ പിന്നിൽ. വന്നു, പൗരസമക്ഷം കാന്തനം കണ്ടു; തീർന്നു ജീവിതം. കുമാരനാശാൻ ആ രംഗമിങ്ങനെ വർണ്ണിക്കുന്നു.

വേണ്ടാ ഖേദമെടോ സുതേ, വരികിനെന്നോതും മുനീന്ദ്രന്റെ
കാൽത്തണ്ടാർ നോക്കി നടന്നധോവദനമായ് ചെന്നസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തി യൊട്ടനുശയക്ലാന്താസ്യാനാം കാന്തനെ
കണ്ടാൾ പൗരസമക്ഷം, അന്നിലയിലീ ലോകം വെടിഞ്ഞാൾ സതീ.

എത്ര ആഹ്ലാദകരമായ തുടക്കം, എത്ര ദാരുണമായ അന്ത്യം!

ആദി കവിയുടെ മൗനത്തിലടങ്ങിയ ഒരു ചോദ്യമുണ്ട്-എന്തുകൊണ്ട് ഇതൊക്കെ ഇങ്ങനെയാകുന്നു? ഇതിന് കുറ്റക്കാരായി ആരെയും ചൂണ്ടിക്കാണിക്കാനില്ല. രാമൻ തെറ്റൊന്നും ചെയ്തില്ല. പരിത്യജിച്ചതിനുശേഷവും സീതതന്നെ ആയിരുന്നു ഹൃദയത്തിൽ. അതുകൊണ്ടാണല്ലോ കാഞ്ചനസീതയെ യാഗത്തിൽ പത്നിയാക്കിയത്. സീത തെറ്റുകാരിയാണെന്ന് ആരും പറയില്ല. പിന്നെ എന്തുകൊണ്ടിങ്ങനെ?

വാല്മീകി മറുപടി പറഞ്ഞിട്ടില്ല. ഒരു പക്ഷേ നിർബ്ബന്ധിച്ചു ചോദിച്ചാൽ അദ്ദേഹം പറഞ്ഞേക്കും -ജീവിതം, അതിങ്ങനെയൊക്കെയാണ്. വ്യാഖ്യാനത്തിന് വവങ്ങാത്തൊരു മഹാസമസ്യയാണ് ജീവിതം!